കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ് 2018 ഡിസംബർ 04 ചൊവ്വ

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പ്രളയദുരിതത്തിന് കൈത്താങ്ങ്; ഗണിതഗവേഷകന്റെ കേരള മാരത്തൺ സമാപിച്ചു

പ്രളയം തകർത്ത കേരളത്തിന് കൈത്താങ്ങാകാൻ ഗണിതഗവേഷകനും അമേരിക്കയിലെ പ്രമുഖ ഗണിത വിദ്യാഭ്യാസ പ്രചാരകനുമായ കനേഡിയൻ മലയാളി പ്രഫ. ജോർജ് ആർ.തോമസിന്റെ കേരള മാരത്തണിന് കാസർകോട് ജില്ലയിൽ സമാപനമായി. നവംബർ ഏഴിന് തിരുവനന്തപുരത്ത് നിന്നു മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്ത മാരത്തൺ ജില്ലയിലെ അതിർത്തി പ്രദേശമായ മഞ്ചേശ്വരം തലപ്പാടിയിലാണ് സമാപനം കുറിച്ചത്.

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയ ദുരന്തം നേരിട്ട കേരളത്തെ കൈപ്പിടിച്ചുയർത്താൻ പൊതു സമൂഹത്തിനു പ്രചോദനം നൽകാനാണു തിരുവനന്തപുരം മുതൽ കാസർകോട് വരെ ഓടിത്തീർത്തതെന്ന് ജോർജ് ആർ. തോമസ് പറഞ്ഞു. നവകേരള നിർമ്മിതിക്കായി വലിയൊരു സംഖ്യ ചിലവഴിക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ഫണ്ട് സ്വരൂപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കലാണു മാരത്തണിലൂടെ ലക്ഷ്യമിട്ടത്. അമ്പതു വർഷത്തോളമായി അമേരിക്കയിലും മറ്റുമായി ഗണിത ഗവേഷണത്തിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി സജീവമായ അദ്ദേഹം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20 ലക്ഷം രൂപ സംഭാവന ചെയ്തിരുന്നു.

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയാണ് മാരത്തണിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത്. രാവിലെ ആറരയോടെ ആരംഭിച്ച് ഉച്ചയോടെ ഏകദേശം 20 മുതൽ 25 കിലോമീറ്റർവരെ ഓടിത്തീർക്കുന്ന ജോർജ് തോമസ് പിന്നീട് വൈകുന്നേരം വരെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലും കോളേജുകളിലും ഗണിത ക്ലാസ് എടുക്കും. വിദ്യാർത്ഥികളോട് സംവദിക്കുന്നതിലൂടെ ശ്രമകരമായ ഈ യജ്ഞത്തിനുള്ള ഊർജം ലഭിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ ഹൈവേകളിലെ സമീപത്തായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് യാത്രക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച അദ്ദേഹം മറ്റു രാജ്യങ്ങൾ മാലിന്യ പ്രശ്നം എങ്ങനെ പരിഹരിക്കുന്നതെന്ന് നമ്മൾ കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു.

## കേരള മാരത്തൺ; ജോർജ് തോമസിന് സ്വീകരണം നൽകി ജില്ലാ കളക്ടർ പൊന്നാട അണിയിച്ചു

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനായി പൊതുസമൂഹത്തിന് പ്രചോദനം നൽകാൻ കേരള മാരത്തൺ നടത്തിയ ഗണിത ഗവേഷകനും അമേരിക്കയിലെ പ്രമുഖ ഗണിത വിദ്യാഭ്യാസ പ്രചാരകനുമായ കനേഡിയൻ മലയാളി പ്രഫ. ജോർജ് ആർ. തോമസിന് കേന്ദ്രകേരള

(തുടരും)

സർവകലാശാലയിൽ സ്വീകരണം നൽകി. സ്കൂൾ ഓഫ് ഫിസിക്കൽ സയൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു ജോർജ് ആർ. തോമസിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

നവകേരള നിർമ്മിതിക്കായി എഴുപത്തിരണ്ടാം വയസ്സിലും കേരളത്തിലുടനീളം ഓടിത്തീർത്ത ജോർജ് തോമസ് നമ്മുടെ സമൂഹത്തിന് പ്രചോദനമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത് ജില്ലാ കളക്ടർ പറഞ്ഞു. ചെറിയ ലക്ഷ്യങ്ങൾവച്ച് അവയെ പ്രാപിക്കാൻ ശ്രമിക്കുന്നത് വലിയ അപകടമാണെന്നും എപ്പോഴും വലിയ ലക്ഷ്യങ്ങൾ മാത്രമേ മനസ്സിൽ സൂക്ഷിക്കാവൂ എന്നും മൈക്കൽ ആഞ്ചലോയെ ഉദ്ധരിച്ച് ജോർജ് തോമസ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. 150 വർഷത്തോളമായി പ്രഹേളികയായി തുടരുന്ന റീമാൻ ഹൈപ്പോതീസിസ് പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയായിരിക്കണം വിദ്യാർത്ഥികൾ ലക്ഷ്യം വെക്കേണ്ടതെന്നും ഗണിത ഗവേഷണത്തിൽ ഇനിയും കൂടുതൽ മുന്നേറാനുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സ്കൂൾ ഓഫ് ഫിസിക്കൽ സയൻസ് മേധാവി പ്രൊഫ. കെ.ജെ. തോമസ് അധ്യക്ഷത വഹിച്ചു. ബയോളജിക്കൽ സയൻസ് വിഭാഗം മേധാവി പ്രൊഫ. ഡെന്നിസ് തോമസ്, പ്രൊഫ. വിൻസന്റ് മാത്യു, അധ്യാപകർ തുടങ്ങിയവർ സംബന്ധിച്ചു.

ഫോട്ടോ അടിക്കുറിപ്പ്:- കളക്ടർ മാരത്തൺ:

കേന്ദ്രകേരള സർവകലാശാലയിൽ നൽകിയ സ്വീകരണത്തിൽ പ്രഫ. ജോർജ് ആർ. തോമസിനെ ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ.

കളക്ടർ മാരത്തൺ 1:

കേന്ദ്രകേരള സർവകലാശാലയിൽ പ്രഫ. ജോർജ് ആർ. തോമസിന് നൽകിയ സ്വീകരണചടങ്ങ് ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു ഉദ്ഘാടനം ചെയ്യുന്നു.

തോമസ് ജോർജ്:-

കേരള മാരത്തോൺ പൂർത്തിയാക്കിയശേഷം കാസർകോട് കേന്ദ്രകേരള സർവകലാശാലയിൽ പ്രഫ. ജോർജ് ആർ.തോമസ് ക്ലാസ് എടുക്കുന്നു.

## ഗദ്ദിക ഡിസംബർ 22 നു തുടങ്ങും: വിപുലമായ പ്രചാരണ പരിപാടികൾ നടത്തും

പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 22 മുതൽ 30 വരെ കാലിക്കടവ് മൈതാനിയിൽ നടക്കുന്ന ഗദ്ദിക-2018 സാംസ്ക്കാരിക പ്രദർശന വിപണന മേളയുടെ വിജയത്തിന് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാൻ പിലിക്കോട് ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്ന സബ് കമ്മറ്റി ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. എം.രാജഗോപാലൻ എം.എൽ.എ യോഗം ഉദ്ഘാടനം ചെയ്തു. പിലിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി.വി.ശ്രീധരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് വി.പി.ഫൗസിയ, വലിയപറമ്പ പഞ്ചായത്ത് പ്രസിഡന്റ് അബ്ദുൾ ജബ്ബാർ, ജില്ലാ പഞ്ചായത്ത് മെമ്പർ .വി.പി.പി.മുസ്തഫ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ്. മീനാറാണി എന്നിവർ പങ്കെടുത്തു.

പട്ടികജാതി ഗോത്ര വിഭാഗങ്ങളുടെ ദൈവികവും വംശീയവുമായ കലാ സംസ്കൃതികളുടെയും കരകൗശല വൈദിധ്യങ്ങളുടെയും തനത് അറിവുകളുടെയും പ്രദർശനവും വിപണനവും ലക്ഷ്യമാക്കി സംഘടിപ്പിക്കുന്ന ഗദ്ദികയ്ക്ക് ആദ്യമായാണ് ജില്ല ആതിഥ്യമരുളുന്നത്. 9 ദിവസങ്ങളിലായി നൂറോളം സ്റ്റാളുകളും നൂറ് കണക്കിന് കലാകാരൻമാരും അണിനിരക്കുന്ന മേളയ്ക്കാണ് കാലിക്കടവിൽ അരങ്ങൊരുങ്ങുന്നത്. വകുപ്പു മന്ത്രി എ.കെ ബാലൻ പരിപാടി ഉദ്ഘാടനം ചെയ്യും.

പ്രാദേശിക പ്രചാരണം ശക്തമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ, കാസർകോട് ജില്ലകളിൽ എസ്.സി. പ്രമോട്ടർമാരുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ ഗൃഹ സമ്പർക്കം നടത്തും. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തു പരിധിയിലെയും നീലേശ്വരം നഗരസഭ തുടങ്ങിയ സ്ഥലങ്ങളിലെയും വിവിധ സ്കൂളുക്കളിൽ സ്വാഗത സംഘം ഭാരവാഹികൾ സന്ദർശനം നടത്തി വിളംബരം നടത്തും. ജില്ല

(തുടരും)

യിലെ പട്ടികജാതി മേഖലയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ കോളനികളിൽ പ്രചാരണം നടത്തും. സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം ഡിസംബർ 8-ന് വൈകുന്നേരം നാലിന് എം.രാജഗോപാലൻ എം.എൽ.എ നിർവഹിക്കും.

22 മുതൽ ഒമ്പത് ദിവസവും സാംസ്കാരിക സമ്മേളനവും കലാ പ്രദർശനവും നടത്തും. ഉദ്ഘാടനത്തോടനുബന്ധിച്ച് ജില്ലയുടെ സാസ്കാരിക വൈവിധ്യം പ്രകടമാക്കുന്ന ഘോഷയാത്ര നടക്കും. ജില്ലയിലെ കലാകാരൻമാർക്ക് കൂടുതൽ അവസരം നൽകും.കുടുംബശ്രീയുടെ പ്രത്യേകം യോഗം ചേരും. പരിപാടിയിൽ ഗ്രീൻ പ്രട്ടോകോൾ പൂർണാർത്ഥത്തിൽ നടപ്പിലാക്കും. വിവിധ പ്രദേശിക സബ് കമ്മറ്റികളുടെ യോഗം ഈ മാസം 6ന് പിലിക്കോട് ചേരും. സ്വാഗത സംഘം ഓഫീസ് ഈയാഴ്ച പിലിക്കോട് ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തനമാരംഭിക്കും.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനത് ഉൽപ്പന്നങ്ങളും, മറ്റ് ഇനങ്ങളും പ്രാപ്യമാക്കാൻ ആദ്യമായാണ് പൊതുജനങ്ങൾക്ക് കൂടി അവസരം ഒരുങ്ങുന്നത്. പാരമ്പര്യ വൈദ്യം, വംശീയ ഭക്ഷണം, ആവിക്കുളി എന്നിവയും മേളയുടെ ആകർഷണമാണ്.

## സെമിനാർ സംഘടിപ്പിക്കും

പെരിയ കേന്ദ്രസർവകലാശാലയിലെ സെന്റർ ഫോർ ജെറന്റോളജി, സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് എന്നിവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസുമായി സഹകരിച്ച് രണ്ടു ദിവസങ്ങളിലായി സെമിനാർ സംഘടിപ്പിക്കുന്നു. പെരിയ കേന്ദ്രസർവകലാശാല സബർമതി ബ്ലോക്കിലെ സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്ന പരിപാടി നാളെ(6) രാവിലെ 10.30ന് കേന്ദ്രസർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.ജി ഗോപകുമാർ ഉദ്ഘാടനം ചെയ്യും. സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. എ.കെ മോഹൻ അധ്യക്ഷനാകും. തിരുവനന്തപുരം സെന്റർ ഫോർ ജെറന്റോളജി സ്റ്റഡീസ് ചെയർമാൻ പ്രൊഫ.ഡോ. പി കെ ബി നായർ മുഖ്യപ്രഭാഷണം നടത്തും. കേന്ദ്രസർവകലാശാല വിഭാഗം സെന്റർ ഫോർ ജെറന്റോളജി കോഡിനേറ്റർ ഡോ.ലക്ഷ്മി സ്വാഗതവും അനൂപ് സി ചൂലയിൽ നന്ദിയും പറയും. സെമിനാർ ഏഴിന് സമാപിക്കും.

## ജില്ലാ പഞ്ചായത്തിന്റെ 'കുതിപ്പ്' പദ്ധതി:

## കുട്ടികളുടെ തെരഞ്ഞെടുപ്പ് 8ന്

അഞ്ചാം ക്ലാസ് മുതൽ എട്ടുവരെയുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകി അവരെ ജില്ലയുടെ കായിക മേഖലയ്ക്ക് സംഭാവന ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 'കുതിപ്പ്' പദ്ധതിയുടെ തെരഞ്ഞെടുപ്പ് ഡിസംബർ എട്ടിന് നടക്കും. ഉപജില്ലാടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ വിവരങ്ങൾ ബന്ധപ്പെട്ടവർ ഡിസംബർ 12ന് ജില്ലാ പഞ്ചായത്ത് ഓഫീസിൽ എത്തിക്കണം. ഡിസംബർ 26, 27, 28 തീയതികളിൽ ഉപജില്ലാടിസ്ഥാനത്തിൽ റസിഡൻഷ്യൽ പരിശീലനം നൽകും.

തെരഞ്ഞെടുപ്പ് നടക്കുന്ന കേന്ദ്രങ്ങൾ: ബേക്കൽ - ജി.എച്ച്.എസ്.എസ് ബാര, ചിറ്റാരിക്കൽ - സെന്റ് ജൂഡ് എച്ച്.എസ്.എസ് വെള്ളരിക്കുണ്ട്, ചെറുവത്തൂർ- കാലിക്കടവ് പഞ്ചായത്ത് സ്റ്റേഡിയം, കുമ്പള- എൻ.എച്ച്.എസ്.എസ് പെർഡാല, കാസർകോട്- ഗവ. കോളേജ് ഗ്രൗണ്ട്, ഹൊസ്ദുർഗ് - രാജാസ് എച്ച്.എസ്.എസ് നീലേശ്വരം, മഞ്ചേശ്വരം - മണ്ണംകുഴി മൈതാനം ഉപ്പള.

## ലോകമണ്ണ് ദിനാഘോഷം; ഏകദിന സെമിനാർ ഇന്ന്

മണ്ണ് പര്യവേക്ഷണ -മണ്ണ് സംരക്ഷണ വകുപ്പിന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലോകമണ്ണ് ദിനാഘോഷ പരിപാടി ഇന്ന്(5) രാവിലെ 10ന് മടിക്കൈ ഗ്രാപഞ്ചായത്ത് ഓഫീസ് പരിസരത്ത് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു ഉദ്ഘാടനം ചെയ്യും. മടിക്കൈ പഞ്ചായത്ത് പ്രസിഡന്റ് സി.പ്രഭാകരൻ അധ്യക്ഷനാകും. മണ്ണിന്റെ ആരോഗ്യ പരിപാലനം, മണ്ണ്, ജല സംരംക്ഷണം തുടങ്ങിയ വിഷയങ്ങളിൽ സംഘടിപ്പിക്കുന്ന ഏകദിന സെമിനാറിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആർ.വീണാറാണിയും കാർഷിക സർവകലാശാല പ്രൊഫസർ കെ പി മിനി എന്നിവർ ക്ലാസ് കൈകാര്യം ചെയ്യും. പരിപാടിയുടെ ഭാഗമായി സോയിൽ ഹെൽത്ത് കാർഡ് വിത

(തുടരും)

രണം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ഗൗരി നിർവഹിക്കും. മികച്ച കർഷകരെ നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി ജയരാജൻ ആദരിക്കും.ചിത്രരചനാ മത്സര വിജയികൾക്കുള്ള സമ്മാനവിതരണം നടക്കും. ജില്ലാ മണ്ണ് സംരംക്ഷണ ഓഫീസർ വി.എം അശോക് കുമാർ വിഷയാവതരണവും പ്രതിജ്ഞയും നടത്തും.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം എം. കേളുപണിക്കർ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.കുഞ്ഞമ്പു, മടിക്കൈ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിസിഡന്റ് കെ.പ്രമീള, മടിക്കൈ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശശീന്ദ്രൻ മടിക്കൈ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.അബ്ദുൾ റഹ്മാൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി. ഇന്ദിര,വാർഡ് അംഗം വി.ശശി, ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ എം.പി സുബ്രമണ്യൻ, കാഞ്ഞങ്ങാട് കൃഷി അസിസ്റ്റൻഡ് ഡയറക്ടർ അനിൽ വർഗീസ്, പി.ബേബി ബാലകൃഷ്ണൻ എന്നിവർ പങ്കെടുക്കും. സോയിൽ സർവെ അസിസ്റ്റന്റ് ഡയറക്ടർ എൻ.സത്യനാരായണൻ സ്വാഗതവും മടിക്കൈ കൃഷി ഓഫീസർ കെ.വേണുഗോപാലൻ നന്ദിയും പറയും.

## പുതുവർഷാഘോഷം; മികച്ച പേരുകൾ ക്ഷണിക്കുന്നു

ജില്ലാ ഭരണകൂടം കാസർകോട് തീയേറ്ററിക്സ് ക്ലബുമായി സഹകരിച്ച് സിസംബർ 31 ന് കാസർകോട്ട് സംഘടിപ്പിക്കുന്ന പുതുവൽസരാഘോഷ പരിപാടിക്ക് ഉചിതമായ പേരുകൾ ക്ഷണിക്കുന്നു. മികച്ച പേരിന് പാരിതോഷികം നൽകും. കാസർകോടിന്റെ സംസ്കാരവും പുതുവർഷ ആഘോഷവും കോർത്തിണങ്ങുന്ന പേരാണ് അയക്കേണ്ടത്. പേരുകൾ ഡിസംബർ 10നകം ലഭിക്കത്തക്ക വിധം സെക്രട്ടറി, കാസർകോട് തിയേറ്ററിക്സ് ക്ലബ്ബ്, കലക്ടറേറ്റ്, കാസർകോട് എന്ന വിലാസത്തിലോ, 8129850000 എന്ന വാട്സ്ആപ് നമ്പറിലോ അയക്കണം.

## മെഗാ കാഷ്യു ഫെസ്റ്റിന് തുടക്കമായി

കുടുംബശ്രീ സംരംഭമായ സഫലം വനിതാ കശുവണ്ടി സംസ്കരണ സമിതിയുടെ നേതൃത്തിൽ മെഗാകാഷ്യു ഫെസ്റ്റിന് കാസർകോട് സിവിൽസ്റ്റേഷനിൽ തുടക്കമായി. കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിരിക്കുന്ന ഫെസ്റ്റ് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ടി.ടി സുരേന്ദ്രൻ, എഡിഎംസിമാരായ പി.പ്രകാശ്, സി.ഹരിദാസൻ, ഡി.ഹരിദാസ്, പി.ജോസഫ്, വിവിധ കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു.

ക്രിസ്തുമസ് -പുതുവത്സരത്തോടനുബന്ധിച്ച് നടത്തുന്ന മെഗാഫസ്റ്റ് ഡിസംബർ ഒൻപത് വരെ ജില്ലയിൽ വിവിധ ഇടങ്ങളിലായി നടക്കും. ഉത്പ്പന്നങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടോടെ കശുവണ്ടിയുടെ 20 ഗ്രേഡുകൾ മേളയിൽ ലഭ്യമാണ്. കിലോക്ക് 600 രൂപ മുതൽ 1300 വരെ വിലയുള്ള വിവിധ കശുവണ്ടിയിനങ്ങൾ 100 ഗ്രാം മുതൽ 500 ഗ്രാം വരെയുള്ള പാക്കറ്റിൽ ലഭിക്കും. കാസർകോട് സിവിൽ സ്റ്റേഷനിൽ നാളെ(06) മേള സമാപിക്കും. കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ ഇന്നു(05) മുതൽ ഈ മാസം 7 വരെയും, ചെമ്പരിക്ക ബീച്ച്, ബേക്കൽ ബീച്ച് എന്നിവിടങ്ങളിൽ ഈ മാസം ഏഴുമുതൽ ഒൻപതുവരെയും ആണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

ഫോട്ടോ അടിക്കുറിപ്പ്:- മെഗാഫെസ്റ്റ്:- കുടുംബശ്രീ സംരംഭമായ സഫലം വനിതാ കശുവണ്ടി സംസ ്കരണ സമിതിയുടെ നേതൃത്തിൽ നടത്തിയ മെഗാ കാഷ്യു ഫെസ്റ്റ് കാസർകോട് സിവിൽസ്റ്റേഷനിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു ഉദ്ഘാടനം ചെയ്യുന്നു

## വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു

പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ വയോജനങ്ങൾക്കുള്ള കട്ടിൽ നൽകൽ പദ്ധതിയുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടി.വി ശ്രീധരൻ നിർവഹിച്ചു. കാലിക്കടവ് പുതിയ പഞ്ചായത്തോഫീസിൽ നടന്ന ചടങ്ങിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം.ടി.പി മൈമൂനത്ത് അധ്യക്ഷത വഹിച്ചു. രണ്ടര ലക്ഷം രൂപയാണ് പഞ്ചായത്ത് 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്കുള്ള കട്ടിൽ നൽകൽ പദ്ധതിക്കായി ചിലവഴിച്ചത്. പദ്ധതി പ്രകാരം 91 കട്ടിൽ വിതരണം ചെയ്തു. ഗ്രാമസഭ വഴി അപേക്ഷ ക്ഷണിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

(തുടരും)

ചടങ്ങിൽ പിലീക്കോട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്  പി.ശൈലജ, സ്ററാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എം.കുഞ്ഞിരാമൻ മാസ്ററർ, കെ.ദാമോദരൻ, വാർഡ് മെമ്പർമാരായ വി.പി രാജീവൻ, ടി.ടി ഗീത  ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ.രമേശൻ, ഐസിഡിഎസ് സൂപ്പർവൈസർ ഇ.കെ ബിജി എന്നിവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്-  ബെഡ് ഡിസ്ട്രിബ്യൂഷൻ:-

പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ വയോജനങ്ങൾക്കുള്ള കട്ടിൽ നൽകൽ പദ്ധതിയുടെ വിതരണോദ്ഘാടനം   പഞ്ചായത്ത് പ്രസിഡന്റ് ടി.വി ശ്രീധരൻ നിർവഹിക്കുന്നു

## പലഹാരമേള  സംഘടിപ്പിച്ചു

രുചിയിൽ നിന്നും അറിവിലേക്ക് എന്ന മുദ്രാവാക്യവുമായി പെരിയ ജി.എൽ.പി സ്കൂളിലെ ഒന്നാം ക്ലാസിന്റെ ആഭിമുഖ്യത്തിൽ പലഹാരമേള 2018 സംഘടിപ്പിച്ചു. വിവിധയിനം പുട്ടുകൾ, ദോശകൾ, കൊഴക്കട്ട, കിണ്ണത്തപ്പം, ഇലയട, ഇഡലി, പത്തൽ, ഉണ്ണിയപ്പം, നെയ്യപ്പം, തുടങ്ങയ  നൂറുകണക്കിന് പലഹാരങ്ങളാണ് മേളയിൽ ഉണ്ടായിരുന്നത്.  വിദ്യാർത്ഥികൾ വീട്ടിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്ന പരമ്പരാഗത പലഹാരങ്ങളായിരുന്നു മേളയിലെ താരങ്ങൾ.  മേള സ്കൂൾ ഹെഡ്മാസ്റ്റർ വി.എം.സത്യൻ ഉദ്ഘാടനം ചെയ്തു.  സീനിയർ അസിസ്റ്റൻഡ് കെ.കെ.ശ്യമള, ഒന്നാം ക്ലാസ് അധ്യാപകരായ  ഒ.പി.ഷീബ, പി.പ്രകാശൻ, സുനിത ഡാനിയൽ, എന്നിവർ മേളയ്ക്ക് നേതൃത്വം നല്കി.

ഫോട്ടോ അടിക്കുറിപ്പ്-പലഹാരമേള:  രുചിയിൽ നിന്നും അറിവിലേക്ക് എന്ന മുദ്രാവാക്യവുമായി പെരിയ ജി.എൽ.പി സ്കൂളിലെ ഒന്നാം ക്ലാസിന്റെ ആഭിമുഖ്യത്തിൽ  സംഘടിപ്പിച്ച പലഹാരമേള 2018 ൽ നിന്ന്

## എം.എൽ.എ. ഫണ്ട് അനുവദിച്ചു

തൃക്കരിപ്പൂർ എം.എൽ.എ, എം രാജഗോപാലന്റെ പ്രത്യേക വികസന നിധിയിൽ നിന്നും കയ്യൂർ-ചിമേനി ഗ്രാമ പഞ്ചായത്തിലെ ചെറിയാക്കര ജി.എൽ.പി.സ്ക്കൂൾ ചുറ്റുമതിൽ നിർമ്മാണത്തിന് 3 ലക്ഷം രൂപ അനുവദിച്ചു.

## സായുധസേന പതാകദിനാചരണം ഡിസംബർ ഏഴിന്

രാഷ്ട്രത്തിനുവേണ്ടി  ജീവൻ ത്യജിച്ച സൈനികർക്ക് ആദരവ് അർപ്പിക്കുന്നതിനായി ഈ മാസം ഏഴിനു സായുധസേനാ പതാകദിനാചരണം സംഘടിപ്പിക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന പരിപാടി രാവിലെ 10.30ന് എൻ.എ നെല്ലിക്കുന്ന് എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു അധ്യക്ഷനാകും. ജില്ലാ സൈനിക ബോർഡ് വൈസ് പ്രസിഡന്റ് ബ്രിഗേഡിയർ ടി.സി അബ്രഹാം മുഖ്യപ്രഭാഷണം നടത്തും. ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, ജില്ലാ സൈനികക്ഷേമ ഓഫീസർ ജോസ് ടോംസ്, സഹകരണവകുപ്പ് ജോ.രജിസ്ട്രാർ മുഹമ്മദ് നൗഷാദ്, കെഎസ്ഇഎസ്എൽ പ്രസിഡന്റ് കെ.നാരായണൻ നായർ, വി.വി പത്മനാഭൻ, പി.പി സഹദേവൻ, പി രാജീവ്, വെൽഫയർ ഓർഗനൈസർ പി.ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

കേരള സർക്കാരിന്റെയും സൈനിക ക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന വിവിധ വിമുക്തഭട ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിമുക്തഭട ബോധവത്കരണ സെമിനാറും പതാകദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിക്കും. സെമിനാറിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.സ്നേഹലത, ജില്ലാ സൈനികക്ഷേമ ഓഫീസർ ജോസ് ടോംസ് എന്നിവർ പ്രഭാഷണം നടത്തും.  തുടർന്ന് എസ്എസ്എൽസി,പ്ലസ്ടു പരീക്ഷയിൽ  ഉന്നതവിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കും. പരിപാടിയുടെ ഭാഗമായി രാവിലെ 10.20ന് കാർഗിൽ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പണം നടത്തും.

## കാഞ്ഞങ്ങാട് നഗരത്തിലെ ഗതാഗത കുരുക്ക്; ഓട്ടോ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി

കാഞ്ഞങ്ങാട് നഗരത്തിലെ ഓട്ടോ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നു.നഗരത്തിലെ കെ.എസ്.ടി.പി റോഡ് പ്രവൃത്തി പൂർത്തികരിച്ചാൽ ഉടനെ, ഓട്ടോ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾ

(തുടരും)

പരിഹരിക്കുന്നതിന്റെ ഭാഗമായി നഗരസഭ ചെയർമാൻ വി.വി.രമേശനും സബ് കളക്ടർ അരുൺ കെ.വിജയനും ഓട്ടോ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി.

നിലവിൽ യുടേൺ ഇല്ലാത്തത് ഇന്ധന ചെലവും ഗതാഗത കുരുക്കും സമയനഷ്ടവുമുണ്ടാക്കുമെന്നും സംഘടനാ പ്രതിനിധികൾ പറഞ്ഞു. മുഴുവൻ പ്രവൃത്തികളും പൂർത്തികരിക്കുന്ന മുറയ്ക്ക് ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ വേണ്ട പരിഷ്കാരങ്ങൾ നടപ്പിലാക്കുമെന്നും സർവീസ് റോഡ് മുഴുവാനും വാഹനങ്ങൾ പാർക്ക് ചെയ്യാൻ ഉപയോഗിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്താനും തീരുമാനമായി.

പരിഷ്കാരങ്ങളെ സംബന്ധിച്ച് കെ.എസ്.ടി.പി സംസ്ഥാന എംപവേഡ് കമ്മിറ്റിയുമായി ആലോചിച്ച് വേണ്ടത് ചെയ്യുമെന്ന് ചെയർമാൻ യോഗത്തിൽ പറഞ്ഞു. നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ മഹമ്മൂദ് മുറിയനാവി, എൻ. ഉണ്ണികൃഷ്ണൻ, വിവിധ സംഘടനകളെ പ്രതിനിധികരിച്ച് സി.എച്ച് കുഞ്ഞമ്പു, പി.വി.ബാലകഷ്ണൻ, ബി.ഗഫൂർ, കെ.അബ്ദുൾ ഷൂക്കൂർ, കുഞ്ഞിരാമൻ കാട്ടുകുളങ്ങര, പ്രസാദ് എന്നിവരും എന്നിവരും പങ്കെടുത്തു.

## നെഹ്റു യുവകേന്ദ്ര ജില്ലതല പ്രസംഗം;

## അമൃതാ എസ് നായർക്ക് ഒന്നാം സ്ഥാനം

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി നെഹ്റു യുവ കേന്ദ്ര യുവാക്കൾക്കായി രാജ്യസ്നേഹവും രാഷ്ട്ര നിർമ്മാണവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ജില്ലാതല പ്രസംഗ മത്സരത്തിൽ നിലേശ്വരത്തെ അമൃതാ എസ് നായർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കാറഡുക്കയിലെ മുഹമ്മദ് സിയാദ്, ഏരിയാലിലെ അഫ്ഷീർ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി.

ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും ഫലകവും വിതരണം ചെയ്തു. 5000, 2000, 1000 എന്ന ക്രമത്തിലാണ് ക്യാഷ് അവാർഡ്.നെഹ്റു യുവ കേന്ദ്ര ജില്ല യൂത്ത് കോ ഓർഡിനേറ്റർ എം.അനിൽകുമാർ അധ്യക്ഷത വഹിച്ചു.

മത്സരങ്ങൾ രാവിലെ എ.ഡി.എം:എൻ. ദേവിദാസ് ഉദ്ഘാടനം ചെയ്തു. ഡോ.ആർ.രാജേഷ്, കെ. ശ്രീലത, മൈമൂന ലത്തിഫ് എന്നിവർ പ്രസംഗിച്ചു. നെഹ്റു യുവ കേന്ദ്ര ജില്ലപ്രോഗ്രാം കോർഡിനേറ്റർ ഷാഫി സലിം സ്വാഗതവും ടി. നവീൻ രാജ് നന്ദിയും പറഞ്ഞു.ഡിസംബർ എട്ടിന് തൃശൂരിൽ നടക്കുന്ന സംസ്ഥാന തല മത്സരത്തിൽ അമൃത ജില്ലയെ പ്രതിനിധികരിച്ച് പങ്കെടുക്കും.

ഫോട്ടോ അടിക്കുറിപ്പ്:-വിന്നേഴ്സ്:-

നെഹ്റു യുവ കേന്ദ്ര യുവാക്കൾക്കായി സംഘടിപ്പിച്ച ജില്ലാതല പ്രസംഗ മത്സരത്തിൽ വിജയികളായവർ ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബുവിനൊപ്പം.

## തടി ലേലം ചെയ്യും

വനം വകുപ്പിന്റെ കീഴിൽ ഗവ.ടിമ്പർ ഡിപ്പോ പരപ്പാ, കാസർകോട് നിന്നും തേക്ക്, അക്കേഷ്യ, മറ്റ് വിവിധയിനം തടികൾ എന്നിവ ഡിസംബർ 12 ന് ഇ-ഓക്ഷൻ വഴി എം.എസ്.റ്റി.സി ലിമിറ്റഡ് എന്ന കമ്പനി വഴി ഓൺലൈൻ ലേലത്തിൽ വിൽപ്പന നടത്തും. കൂടുതൽ വിവരങ്ങൾക്ക് - 04994 270060, 8547 602862, 8547 602863.

## ബ്ലോക്ക്തല അവലോകന യോഗം 13 മുതൽ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലയിൽ അവലോകന യോഗം നടക്കുന്നതിന് മുന്നോടിയായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഒരോ ത്രൈമാസത്തിലും 25 ശതമാനം ബജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ പദ്ധതി നിർവഹണം ക്രമപ്പെടുത്തുന്നതിനായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ബ്ലോക്ക് തല അവലോകന യോഗം ഈ മാസം 13 മുതൽ 17 വരെ നടക്കും.

(തുടരും)

ജില്ലാ ആസൂത്രണ സമിതി കോണ്‍ഫറന്‍സ് ഹാളില്‍ ചേരുന്ന അവലോകനയോഗത്തില്‍ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അധ്യക്ഷന്‍, സെക്രട്ടറി എല്ലാ നിര്‍വഹണ ഉദ്യോഗസ്ഥന്‍മാര്‍ എന്നിവര്‍ നിര്‍ബന്ധമായും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടര്‍ അറിയിച്ചു. ജില്ലാ കളക്ടറുടെ അനുമതിയോടെയല്ലാതെ നിര്‍വഹണ ഉദ്യോഗസ്ഥന്‍മാര്‍ യോഗത്തില്‍ ഹാജരാകാതിരിക്കാന്‍ പാടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാര്‍ പ്രൊഫോര്‍മയില്‍ പദ്ധതി പുരോഗതി തയ്യാറാക്കി ഡിസംബര്‍ 11 ന് മുമ്പായി ജില്ലാ പ്ലാനിംഗ് ഓഫിസില്‍ സമര്‍പ്പിക്കണം.

## പെന്‍ഷന്‍ അദാലത്തിന് ഡിസംബര്‍ 10 വരെ

## പരാതി സമര്‍പ്പിക്കാം

കുറ്റിക്കോല്‍ ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമ പെന്‍ഷന്‍ ഗുണഭോക്താക്കള്‍ക്ക് ഈ മാസം 13 ന് രാവിലെ 11 മണിക്ക് പഞ്ചായത്ത് ഹാളില്‍ പെന്‍ഷന്‍ അദാലത്ത് നടത്തും. അദാലത്തില്‍ പരിഗണിക്കേണ്ടതായ പരാതികള്‍ ഈ മാസം പത്തിന് വൈകുന്നേരം നാലിനകം ഓഫീസില്‍ സമര്‍പ്പിക്കണം. അദാലത്തിനു നല്‍കുന്ന പരാതികളില്‍ പരാതിക്കാരന്റെ പേര്, പെന്‍ഷന്‍ ഇനം, ആധാര്‍ പകര്‍പ്പ്, വാര്‍ഡ്, പരാതിയുടെ ചുരുക്കം ഇതിനാവശ്യമായ രേഖകള്‍ എന്നിവ ഉണ്ടായിരിക്കണം.

## ഈസ്റ്റ് എളേരി പെന്‍ഷന്‍ അദാലത്ത് 20 ന്

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തില്‍ 2018 ല്‍ സാമൂഹ്യസുരക്ഷ പെന്‍ഷനുകള്‍ക്ക് അപേക്ഷ സമര്‍പ്പിക്കുകയും എന്നാല്‍ വിവിധ കാരണത്താല്‍ അപേക്ഷ നിരസിക്കപ്പെടുകയും ചെയ്തവരില്‍ പെന്‍ഷന് അര്‍ഹതയുള്ളവര്‍ക്ക് പെന്‍ഷന് അദാലത്ത് ഡിസംബര്‍ 20 ന് ഗ്രാമപഞ്ചായത്ത് ഹാളില്‍ നടത്തും. അദാലത്തിലേക്കുള്ള പരാതികള്‍ പതിനഞ്ചിനകം ഓഫീസില്‍ സമര്‍പ്പിക്കണം.

## പനത്തടി ഗ്രാമപഞ്ചായത്ത് പെന്‍ഷന്‍ അദാലത്ത് 18 ന്

പനത്തടി ഗ്രാമപഞ്ചായത്തില്‍ വിവിധ സാമൂഹ്യ സുരക്ഷ പെന്‍ഷനുകള്‍ക്ക് അപേക്ഷ സമര്‍പ്പിച്ചവര്‍ക്ക് അപ്പിലുകള്‍ സമര്‍പ്പിക്കുന്നതിന് അദാലത്ത് ഈ മാസം 18 ന് രാവിലെ 11 മണി മുതല്‍ 4 മണി വരെ നടത്തും. പഞ്ചായത്തില്‍ അപേക്ഷ സമര്‍പ്പിക്കുകയും വിവിധ കാരണങ്ങളാല്‍ നിരസിക്കുകയും ചെയ്തവര്‍ക്ക് മാത്രമേ അദാലത്തില്‍ പങ്കെടുക്കാന്‍ അര്‍ഹതയുള്ളു. പരാതികള്‍ ഈ മാസം 12 വരെ പഞ്ചായത്ത് ഓഫീസില്‍ സമര്‍പ്പിക്കാം.

## ഫിസിയോ തെറാപിസ്റ്റിനെ ആവശ്യമുണ്ട്

കാസര്‍കോട് ജില്ലയിലെ പുല്ലൂര്‍-പെരിയ ഗ്രാമ പഞ്ചായത്തിലെ മഹാത്മാ മോഡല്‍ ബഡ്സ് സ ്കൂളിലേക്കു ഫിസിയോ തെറാപിസ്റ്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തില്‍ നിയമനം നടത്തും. അഭിമുഖം ഡിസംബര്‍ ഏഴിന് രാവിലെ 11 ന് പഞ്ചായത്തില്‍ നടക്കും. ബാച്ചിലര്‍ ഓഫ് ഫിസിയോ തെറാപ്പി, മാസ്റ്റര്‍ ഓഫ് ഫിസിയോ തെറാപ്പി യോഗ്യതയുള്ള ഉദ്യോഗസ്ഥര്‍ത്ഥികള്‍ക്ക് അപേക്ഷിക്കാം. ഉദ്യോഗാര്‍ത്ഥികള്‍ യോഗ്യത തെളിയിക്കുന്ന അസല്‍ സര്‍ട്ടിഫിക്കറ്റുകളുമായി ഹാജരാകണം. പഞ്ചായത്ത് പരിധിയിലുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് മുന്‍ഗണന നല്‍കും. കൂടുതല്‍ വിവരങ്ങള്‍ക്ക്- 0467 2234030.

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

382/2016, 383/2016, 384/2016, 054/2017 എന്നീ കാറ്റഗറി നമ്പര്‍ പ്രകാരം പോലീസ് വകുപ്പിലേക്ക് നടത്തിയ വുമണ്‍ പോലീസ് കോണ്‍സ്റ്റബിള്‍ തസ്തികയുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധികരിച്ചു. ഉത്തരകടലാസുകള്‍ പുനപരിശോധിക്കുന്നതിന് ഈ മാസം 22 വരെ അപേക്ഷിക്കാം. റാങ്ക് ലിസ്റ്റ് ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസില്‍ പരിശോധനയ്ക്ക് ലഭിക്കും.

(തുടരും)

# ലൈഫ് ജാക്കറ്റ് വിതരണം; മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യും. ഓരോ പരമ്പരാഗത മത്സ്യബന്ധന യാനത്തിനും അതിലെ തൊഴിലാളികളുടെ എണ്ണം അനുസരിച്ച് (പരമാവധി 5 എണ്ണം) ലൈഫ് ജാക്കറ്റുകൾ ആണ് അനുവദിക്കുന്നത്. ഇതിന് രജിസ്ട്രേഷനും ലൈസൻസും ഉള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ ഉടമകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരിക്കണം. അപേക്ഷാ ഫോറം ഫിഷറീസ് വകുപ്പ്, ജില്ലാ ഓഫീസുകൾ, ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും.പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 20 വൈകുന്നേരം അഞ്ചുവരെ അതത് ഓഫീസുകളിൽ സ്വീകരിക്കും.

# അപേക്ഷ ക്ഷണിച്ചു

കാസർകോട് നഗരസഭയിലെ പള്ളം തളങ്കര കടവുമായി ബന്ധമുള്ള പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ രജിസ്ട്രേഷനുള്ള അപേക്ഷ ഡിസംബർ 19 ന് മൂന്നു മണിവരെ നഗരസഭാ ഓഫീസിൽ സ്വീകരിക്കും. പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ ആധാർ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ രണ്ട് എണ്ണം എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭാ ഓഫീസിസൽ നിന്ന് ലഭിക്കും.

# ഷോപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങായവരുടെ മക്കളിൽ 2017-18 അദ്ധ്യയനവർഷം ബിരുദ, ബിരുദാനന്തര, പ്രഫഷണൽ കോഴസുകളിൽ 60 ശതമാനത്തിൽ കുറയാത്ത മാർക്ക് വാങ്ങി ഉന്നത വിജയം കൈവരിച്ചവർക്ക് ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. മാർക്ക് ലിസ്റ്റുകളുടെയും സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡിസംബർ 22 നകം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, സാന്റൽ സിറ്റി ബിൽഡിംഗ്, വിദ്യാനഗർ പി.ഒ, കാസർകോട് എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 04994 255110.

# എംപ്ലോയ്മെന്റ് രജിസ്ടേഷൻ അക്ഷയയിലൂടെ പുതുക്കാം

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോററ്റി നഷ്റ്റപ്പെട്ടവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് ഡിസംബർ 31 വരെ ജില്ലയിലെ മുഴുവൻ അക്ഷയ കേന്ദ്രങ്ങളിലും സൗകര്യം ഏർപ്പെടുത്തിയതായി അറിയിക്കുന്നു.

(അവസാനിച്ചു)